# 2024 ഇന്റർനാഷണൽ ചൈനീസ് സ്പീക്കിംഗ് കോൺഫറൻസ്
## നീതിയുടെ കിരീടമായി
## ക്രിസ്തുവിന്റെ പ്രതിഫലം പ്രാപിക്കുന്നതിനായി
## നല്ല പോർ പൊരുതുകയും, ഓട്ടം തികയ്ക്കുകയും, വിശ്വാസം കാക്കുകയും, കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുകയും ചെയ്യുക
## ദൂത് അഞ്ച്
## രാജ്യത്തിൻ പ്രതിഫലമായ് ക്രിസ്തുവിനെ നീതിയുടെ കിരീടമെന്ന നിലയിൽ പ്രാപിക്കുക

MC *Hymns*: ML94

വേദഭാഗം: 2 തിമൊ. 4:7-8, 18; 3:2-5; 1 കൊരി. 9:25; ഫിൽ. 3:9; സങ്കീ. 45:13-14

2 Tim. 4:7 ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

2 Tim. 4:8 ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ.

2 Tim. 4:18 കർത്താവ് എന്നെ സകല ദുഷ്പ്രവൃത്തിയിൽ നിന്നും വിടുവിച്ച് തന്റെ സ്വർഗീയ രാജ്യത്തിലേക്ക് എന്നെ രക്ഷിക്കും, അവന് എന്നെന്നേക്കും മഹത്വം. ആമേൻ.

2 Tim. 3:2 എന്തെന്നാൽ മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും ധാർഷ്ട്യമുള്ളവരും അസഭ്യം പറയുന്നവരും മാതാപിതാക്കളെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും,

2 Tim. 3:3 സ്വാഭാവിക വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ദുഷിക്കുന്നവരും ആത്മനിയന്ത്രണമില്ലാത്തവരും ക്രൂരന്മാരും നന്മ സ്നേഹിക്കാത്തവരും,

2 Tim. 3:4 വിശ്വാസവഞ്ചകരും വീണ്ടുവിചാരമില്ലാത്തവരും നിഗളത്താൽ കുരുടരായവരും ദൈവസ്നേഹികളെക്കാൾ ഭോഗസ്നേഹികളും,

2 Tim. 3:5 ദൈവികതയുടെ ബാഹ്യരൂപമുള്ളവരായി, അതിന്റെ ശക്തി ത്യജിക്കുന്നവരും ആയിരിക്കും; ഇവരിൽ നിന്ന് തിരിഞ്ഞുകൊള്ളുക.

1 Cor. 9:25 മത്സരിക്കുന്ന ഏവനും സകല കാര്യങ്ങളിലും ആത്മനിയന്ത്രണം അഭ്യസിക്കുന്നു; അവർക്ക് നശ്വരമായ കിരീടവും, നമുക്ക് അനശ്വരമായതും ലഭിക്കേണ്ടതിനു തന്നെ.

Phil. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

Psa. 45:13 അഃന്തപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു; അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളതു.

Psa. 45:14 അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടുവരും; അവളുടെ തോഴിമാരായി കൂടെ നടക്കുന്ന കന്യകമാരെയും നിന്റെ അടുക്കൽ കൊണ്ടുവരും.

**I. നമ്മുടെ രാജ്യപ്രതിഫലമായി ക്രിസ്തുവിനെ നാം ആസ്വദിക്കുന്നതിനായി, ക്രിസ്തുവിന്റെ മണവാട്ടിയായി സംരചിക്കപ്പെടേണ്ടതിന് ജീവിതത്തിൽ ഉണർന്നിരിക്കുകയും സേവനത്തിൽ വിശ്വസ്തരായിരിക്കുകയും ചെയ്യുന്നതിലൂടെ ഞെരുക്കമുള്ള വഴിയിൽ തങ്ങിക്കൊണ്ട് കർത്താവിന്റെ പ്രത്യക്ഷതയെ നാം സ്നേഹിക്കണം, അത് ഇന്ന് നമുക്ക് അവന്റെ പ്രത്യക്ഷതയും വെളിപ്പെടലും, അവന്റെ രണ്ടാം വരവിൽ അവന്റെ ജനത്തോടുകൂടെയുള്ള അവന്റെ സാന്നിധ്യവുമാണ്—2 തിമൊ. 4:7-8; പ്രവൃ.**

**26:16; റോമ. 8:19; 1 തെസ്സ. 5:23; 2 തെസ്സ. 1:10; യോഹ. 14:21, 23; മത്താ. 7:13-14; 24:3, 45-51; 25:9, 13, 21:**

| | |
|---|---|
| 2 Tim. 4:7 | ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു. |
| 2 Tim. 4:8 | ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ. |
| Acts. 26:16 | എന്നാൽ എഴുന്നേറ്റ് നിവർന്നുനിൽക്കുക; നീ എന്നെ കണ്ട കാര്യങ്ങൾക്കും ഞാൻ നിനക്കു പ്രത്യക്ഷനാകുവാൻ പോകുന്ന കാര്യങ്ങൾക്കും, നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിക്കുവാൻ നിനക്ക് ഞാൻ പ്രത്യക്ഷനായിരിക്കുന്നു; |
| Rom. 8:19 | എന്തെന്നാൽ സൃഷ്ടിയുടെ ഉത്കണ്ഠാപൂർവമുള്ള നിരീക്ഷണം ദൈവപുത്രന്മാരുടെ വെളിപാടിനെ പ്രതീക്ഷയോടെ കാത്തിരിക്കുന്നു. |
| 1 Thes. 5:23 | അനന്തരം സമാധാനത്തിന്റെ ദൈവം താൻതന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കുമാറാകട്ടെ, നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമ്പൂർണമായി, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ, വരവിൽ, കുറ്റമില്ലാതെ സൂക്ഷിക്കപ്പെടുമാറാകട്ടെ. |
| 2 Thes. 1:10 | അവർ കർത്താവിന്റെ സന്നിധിയിൽ നിന്നും അവന്റെ ബലത്തിന്റെ മഹത്വത്തിൽ നിന്നും നിത്യനാശം എന്ന പിഴ കൊടുക്കും. |
| John. 14:21 | എന്റെ കൽപനകൾ ഉണ്ടായിരിക്കുകയും അവയെ പാലിക്കുകയും ചെയ്യുന്നവനാകുന്നു എന്നെ സ്നേഹിക്കുന്നവൻ; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും, ഞാൻ അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവന് വെളിവാക്കുകയും ചെയ്യും. |
| John. 14:23 | യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും. |
| Matt. 7:13 | ഇടുക്കമുള്ള കവാടത്തിലൂടെ അകത്തു പ്രവേശിക്കുവിൻ; എന്തെന്നാൽ നാശത്തിലേക്കു നയിക്കുന്ന കവാടം വീതിയുള്ളതും വഴി വിശാലവും, അതിൽകൂടി പ്രവേശിക്കുന്നവർ അനേകരും ആകുന്നു. |
| Matt. 7:14 | ജീവനിലേക്കു നയിക്കുന്ന കവാടം ഇടുക്കമുള്ളതും വഴി ഞെരുക്കവും ആയതിനാൽ, അതിനെ കണ്ടെത്തുന്നവർ ചുരുക്കം ആകുന്നു. |
| Matt. 24:3 | അവൻ ഒലിവുമലമേൽ ഇരിക്കുമ്പോൾ, ശിഷ്യന്മാർ സ്വകാര്യമായി, ഈ കാര്യങ്ങൾ എപ്പോഴായിരിക്കും? നിന്റെ വരവിന്റെയും യുഗത്തിന്റെ പരിണതിയുടെയും അടയാളം എന്തായിരിക്കും? ഞങ്ങളോടു പറയേണം, എന്ന് ചോദിച്ചുകൊണ്ട് അവന്റെ അടുക്കൽ വന്നു. |
| Matt. 24:45 | അപ്പോൾ, യജമാനൻ തന്റെ ഭവനക്കാർക്കുമേൽ, അവർക്കു ശരിയായസമയത്തു ഭക്ഷണം കൊടുക്കുവാനായി ആക്കിവച്ചിരിക്കുന്ന വിശ്വസ്തനും വിവേകവുമുള്ള അടിമ ആരാകുന്നു? |
| Matt. 24:46 | തന്റെ യജമാനൻ വരുമ്പോൾ, അങ്ങനെതന്നെചെയ്യുന്നതായി കാണുന്ന ആ അടിമ അനുഗൃഹീതനാകുന്നു. |

Matt. 24:47 അവൻ തന്റെ സകല വസ്തുവകകൾക്കും മേൽ അവനെ ആക്കിവയ്ക്കും എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

Matt. 24:48 എന്നാൽ ആ ദുഷ്ട അടിമ തന്റെ ഹൃദയത്തിൽ, എന്റെ യജമാനൻ വൈകുന്നു എന്നു പറയുകയും,

Matt. 24:49 തന്റെ കൂട്ടടിമകളെ അടിക്കുവാൻ തുടങ്ങുകയും കുടിയന്മാരോടുകൂടെ തിന്നുകയും കുടിക്കുകയും ചെയ്താൽ,

Matt. 24:50 ആ അടിമയുടെ യജമാനൻ, അവൻ പ്രതീക്ഷിക്കാത്ത നാളിലും, അവൻ അറിയാത്ത നാഴികയിലും വരുകയും,

Matt. 24:51 അവനെ വെട്ടിമാറ്റുകയും അവന്റെ പങ്കു കപടഭക്തിക്കാരോടുകൂടെ നിയോഗിക്കുകയും ചെയ്യും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും.

Matt. 25:9 എന്നാൽ വിവേകമുള്ളവർ, ഒരുപക്ഷേ ഞങ്ങൾക്കും നിങ്ങൾക്കും തികയാതെ വരും; അതിനെക്കാൾ, നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി നിങ്ങൾക്കായിത്തന്നെ വാങ്ങിക്കൊള്ളുവിൻ എന്ന് ഉത്തരം പറഞ്ഞു.

Matt. 25:13 അതുകൊണ്ടു നിങ്ങൾ നാളും നാഴികയും അറിയാത്തതിനാൽ ഉണർന്നിരിക്കുവിൻ.

Matt. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

A. കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുന്നതും കർത്താവിനെത്തന്നെ സ്നേഹിക്കുന്നതും വേർപിരിക്കാനാവാത്തതാണ്—1 കൊരി. 2:9; 2 തിമൊ. 4:8; യോഹ. 14:21.

1 Cor. 2:9 "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യന്റെ ഹൃദയത്തിൽ ഉയർന്നുവന്നിട്ടുമില്ല" എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

2 Tim. 4:8 ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ.

John. 14:21 എന്റെ കൽപനകൾ ഉണ്ടായിരിക്കുകയും അവയെ പാലിക്കുകയും ചെയ്യുന്നവനാകുന്നു എന്നെ സ്നേഹിക്കുന്നവൻ; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും, ഞാൻ അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവന് വെളിവാക്കുകയും ചെയ്യും..

B. അധഃപതനത്തിലുള്ള ക്രിസ്തുമതത്തെക്കുറിച്ച് 2 തിമൊഥെയൊസ് 3:2-5-ൽ അവതരിപ്പിച്ചിരിക്കുന്ന പ്രവചനപരമായ ചിത്രത്തിൽ, നാല് പ്രത്യേകതരം സ്നേഹികളെ പരാമർശിക്കുന്നു: സ്വസ്നേഹികൾ, ദ്രവ്യാഗ്രഹികൾ, ഭോഗസ്നേഹികൾ, ദൈവസ്നേഹികൾ; ഒരുവൻ

എന്തിനെ സ്നേഹിക്കുന്നുവോ, അവന്റെ ഹൃദയം മുഴുവനും, അവന്റെ മുഴുവൻ ആളത്തംപോലും അതിന്മേൽ ഉറപ്പിക്കപ്പെടുകയും, അതിൽ വ്യപൃതനായി അതിനാൽ കൈവശമാക്കപ്പെടുകയും ചെയ്യുന്നു; ഇത് നിർണായകമാണ്!

2 Tim. 3:2 എന്തെന്നാൽ മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും ധാർഷ്ട്യമുള്ളവരും അസഭ്യം പറയുന്നവരും മാതാപിതാക്കളെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും,

2 Tim. 3:3 സ്വാഭാവിക വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ദൂഷിക്കുന്നവരും ആത്മനിയന്ത്രണമില്ലാത്തവരും ക്രൂരന്മാരും നന്മ സ്നേഹിക്കാത്തവരും,

2 Tim. 3:4 വിശ്വാസവഞ്ചകരും വീണ്ടുവിചാരമില്ലാത്തവരും നിഗളത്താൽ കുരുടരായവരും ദൈവസ്നേഹികളെക്കാൾ ഭോഗസ്നേഹികളും,

2 Tim. 3:5 ദൈവികതയുടെ ബാഹ്യരൂപമുള്ളവരായി, അതിന്റെ ശക്തി ത്യജിക്കുന്നവരും ആയിരിക്കും; ഇവരിൽ നിന്ന് തിരിഞ്ഞുകൊള്ളുക.

C. സഭയുടെ വിജയത്തിൽ മഹത്വത്തിന്റെ ഒരു ദിവസം ഉണ്ടായിരിക്കുമോ അതോ സഭയുടെ തകർച്ചയുടെ ദുഃഖകരമായ ദിവസങ്ങൾ ഉണ്ടായിരിക്കുമോ എന്നത് നാം എന്തുതരം സ്നേഹികളാണെന്നതിനെ ആശ്രയിച്ചിരിക്കുന്നു; സഭയുടെ തകർച്ചയുടെ മൂലകാരണം കർത്താവിനോടുള്ള അവളുടെ ആദ്യസ്നേഹത്തിന്റെ നഷ്ടമായിരുന്നുവെന്ന് ചരിത്രം പറയുന്നു—വെളി. 2:4.

Rev. 2:4 എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്.

D. സഭയുടെ വിജയകരമായ നിലവാരം നിലനിർത്തുവാൻ, ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലിനുവേണ്ടി നാം ദൈവസ്നേഹികളായിരിക്കണം; തന്നെ സ്നേഹിക്കുന്നവർക്ക് ജീവകിരീടവും രാജ്യത്തിന്റെ അവകാശവും നൽകുമെന്ന് കർത്താവ് വാഗ്ദത്തം ചെയ്തിരിക്കുന്നു—യാക്കോ. 1:12; 2:5.

James. 1:12 പരീക്ഷ സഹിക്കുന്ന മനുഷ്യൻ അനുഗൃഹീതൻ, എന്തുകൊണ്ടെന്നാൽ അവൻ ശോധനയാൽ അംഗീകൃതനായിത്തീരുമ്പോൾ, കർത്താവ് തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത, ജീവകിരീടം പ്രാപിക്കും.

James. 2:5 എന്റെ പ്രിയ സഹോദരന്മാരേ, ശ്രവിക്കുവിൻ: ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരാകുവാനും, തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളാകുവാനും തിരഞ്ഞെടുത്തില്ലയോ?

E. ക്രിസ്തീയ ഓട്ടത്തിലെ വിജയിയായ ഓട്ടക്കാരന്, കർത്താവിന്റെ രക്ഷയ്ക്കു പുറമേ, ഒരു സമ്മാനമായി നൽകപ്പെടുന്ന തേജസ്സിന്റെയും സൗന്ദര്യത്തിന്റെയും ഒരു പ്രതീകമാണ് വാടാത്ത കിരീടം—1 കൊരി. 9:25; 1 പത്രൊ. 5:4; യെശ. 28:5:

1 Cor. 9:25 മത്സരിക്കുന്ന ഏവനും സകല കാര്യങ്ങളിലും ആത്മനിയന്ത്രണം അഭ്യസിക്കുന്നു; അവർക്ക് നശ്വരമായ കിരീടവും, നമുക്ക്

അനശ്വരമായതും ലഭിക്കേണ്ടതിനു തന്നെ.

1 Pet. 5:4 മുഖ്യ ഇടയൻ വെളിവാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം കൈക്കൊള്ളും.

Isa. 28:5 അന്നാളിൽ സൈന്യങ്ങളുടെ യഹോവ തന്റെ ജനത്തിന്റെ ശേഷിപ്പിന്നു മഹത്വമുള്ളോരു കിരീടവും ഭംഗിയുള്ളോരു മുടിയും,

1. ഈ സമ്മാനം രക്ഷ എന്നപോലെ കൃപയിൽനിന്നോ വിശ്വാസത്താലോ അല്ല, (എഫെ. 2:8), മറിച്ച് പ്രവൃത്തികളിലൂടെയുള്ള നീതിയിൽനിന്നാണ് (മത്താ. 16:27; വെളി. 22:12; 2 കൊരി. 5:10).

Eph. 2:8 എന്തെന്നാൽ കൃപയാൽ നിങ്ങൾ വിശ്വാസം മുഖാന്തരം രക്ഷിക്കപ്പെട്ടിരിക്കുന്നു, ഇത് നിങ്ങളിൽനിന്നല്ല; ഇത് ദൈവത്തിന്റെ ഉപഹാരമാകുന്നു;

Matt. 16:27 എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു, അപ്പോൾ അവൻ ഓരോരുത്തനും തന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിത്തരും.

Rev. 22:12 ഇതാ, ഞാൻ വേഗം വരുന്നു, ഓരോരുത്തനും അവന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിക്കൊടുക്കുവാൻ എന്റെ പക്കൽ എന്റെ പ്രതിഫലമുണ്ട്.

2 Cor. 5:10 എന്തെന്നാൽ ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ, നന്മയായാലും തിന്മയായാലും, താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിവാകേണ്ടതാകുന്നു.

2. നീതിയുടെ കിരീടം നൽകപ്പെടുന്നത് കർത്താവിന്റെ കൃപയ്ക്കനുസരിച്ചല്ല, മറിച്ച് അവന്റെ നീതിക്കനുസരിച്ചാണ്, അത് നൽകുന്നവൻ നീതിമാനായ ന്യായാധിപനായ കർത്താവായിരിക്കും—2 തിമൊ. 4:8.

2 Tim. 4:8 ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ..

**II. അടുത്ത യുഗത്തിൽ നമ്മുടെ നീതിയുടെ കിരീടമായി ക്രിസ്തുവിനെ പ്രതിഫലമായ് പ്രാപിക്കുന്നതിനായ്, ഈ യുഗത്തിൽ നമ്മുടെ വ്യക്തിനിഷ്ഠനായി നാം അവനെ അനുഭവിക്കുകയും ആസ്വദിക്കുകയും നീതി വെളിപ്പെടുത്തി ജീവിക്കുകയും വേണം—ഫിലി. 3:9:**

Phil. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

A. വിശ്വാസികൾക്ക് ക്രിസ്തു നീതിയായിരിക്കുന്നതിന് രണ്ടു വശങ്ങളുണ്ട്:

1. ദൈവത്തിങ്കലേക്കുള്ള നമ്മുടെ മാനസാന്തരത്തിന്റെയും ക്രിസ്തുവിലേക്ക് വിശ്വസിക്കുകയും ചെയ്ത സമയത്ത് ദൈവമുമ്പാകെ നീതീകരിക്കപ്പെടുന്നതിനു വേണ്ടിയുള്ള നമ്മുടെ

വസ്തുനിഷ്ടമായ നീതിയാണ് ക്രിസ്തു—റോമ. 3:24-26; പ്രവൃ. 13:39; ഗലാ. 3:24, 27.

Rom 3:24 ക്രിസ്തു യേശുവിലുള്ള വീണ്ടെടുപ്പ് മുഖാന്തരം അവന്റെ കൃപയാൽ സൗജന്യമായി നീതീകരിക്കപ്പെടുന്നു;

Rom 3:25 അവൻ നീതിമാനും യേശുവിന്റെ വിശ്വാസത്തിൽനിന്നുള്ളവനെ നീതീരിക്കുന്നവനും ആകത്തക്കവണ്ണം, ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പിക്കുവാനുള്ള വീക്ഷണത്തോടുകൂടി,

Rom 3:26 അവന്റെ രക്തത്തിലുള്ള വിശ്വാസം മുഖാന്തരം, തന്റെ നീതിയുടെ പ്രദർശനത്തിനായി, ദൈവം അവനെ അനുനയ സ്ഥലമാക്കിവച്ചു, അതിനാൽ ദൈവം തന്റെ സഹിഷ്ണുതയിൽ മുമ്പുണ്ടായ പാപങ്ങളുടെ മേൽ കടന്നുപോയി.

Acts 13:39 മോശെയുടെ ന്യായപ്രമാണത്താൽ നിങ്ങൾക്ക് നീതീകരിക്കപ്പെടുവാൻ കഴിയാത്ത സകല കാര്യങ്ങളിൽനിന്നും, ഇവനിൽ വിശ്വസിക്കുന്ന ഏവനും നീതീകരിക്കപ്പെടുന്നു എന്നും നിങ്ങൾ അറിഞ്ഞിരിക്കട്ടെ.

Gal 3:24b അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ...

Gal 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ..

2. ക്രിസ്തുവിന്റെ ജീവിച്ചു വെളിപ്പെടുത്തുന്നതും യഥാർത്ഥവുമായ ആവിഷ്കാരമെന്ന നിലയിൽ നമ്മുടെ വ്യക്തിനിഷ്ഠമായ നീതിയും ക്രിസ്തുവാണ്, ഇത് ക്രിസ്തുവിനെ ജീവിക്കുന്നതിലൂടെ ദൈവത്തെ ആവിഷ്കരിക്കുന്നതിന്റെ ഉൽകൃഷ്ടമായ അവസ്ഥയാണ്—ഫിലി. 3:9; 1:21.

Phil. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

Phil. 1:21a എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

B. നീതിയുടെ ഈ രണ്ടു വശങ്ങൾ സങ്കീർത്തനം 45:13-14-ലെ രാജ്ഞിയുടെ രണ്ടു വസ്ത്രങ്ങളാൽ മുൻകുറിക്കപ്പെടുന്നു:

Psa. 45:13 അഃന്തപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു; അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളതു.

Psa. 45:14 അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടുവരും; അവളുടെ തോഴിമാരായി കൂടെ നടക്കുന്ന കന്യകമാരെയും നിന്റെ അടുക്കൽ കൊണ്ടുവരും.

1. ഒരു വസ്ത്രം വസ്തുനിഷ്ഠമായ നീതിയോട് യോജിക്കുന്നു, അത് നമ്മുടെ രക്ഷയ്ക്കുവേണ്ടിയാണ്—"അവളുടെ വസ്ത്രം പൊൻകസവു കൊണ്ടുള്ളത്"—വാ. 13:

a. അനേകം കഷ്ടങ്ങളിലൂടെയും മരണപുനരുത്ഥാനങ്ങളിലൂടെയും കൈകാര്യം ചെയ്യപ്പെട്ടവനായ ക്രിസ്തു, ദൈവമുമ്പാകെ നീതീകരിക്കപ്പെടാനുള്ള ദൈവത്തിന്റെ നീതിപരമായ ആവശ്യകത

സന്ധിക്കുവാൻ സഭയുടെ നീതിയായിത്തീരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു—1 കൊരി. 1:30; ലൂക്കൊ. 15:22; യിരെ. 23:6.

1 Cor. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

Luke. 15:22 എന്നാൽ പിതാവു തന്റെ അടിമകളോടു പറഞ്ഞു, മേൽത്തരമായ ആ മേലങ്കി പെട്ടെന്നു പുറത്തു കൊണ്ടുവന്ന് അവന്റെ മേൽ ഇടുവിൻ, അവന്റെ കൈയിൽ മോതിരവും പാദങ്ങളിൽ ചെരുപ്പുകളും ഇടുവിൻ.

Jer. 23:6 അവന്റെ കാലത്തു യെഹൂദാ രക്ഷിക്കപ്പെടും; യിസ്രായേൽ നിർഭയമായി വസിക്കും; അവന്നു യഹോവ നമ്മുടെ നീതി എന്നു പേർ പറയും എന്നു യഹോവയുടെ അരുളപ്പാടു.

b. അവൾ പൊന്നിനാൽ പൊതിയപ്പെട്ടിരിക്കുന്നു എന്നത് ദിവ്യപ്രകൃതത്തിലുള്ള സഭയുടെ പ്രത്യക്ഷതയെ സൂചിപ്പിക്കുന്നു—സങ്കീ. 45:9; 2 പത്രൊ. 1:4.

Psa. 45:9b ...;നിന്റെ വലത്തുഭാഗത്തു രാജ്ഞി ഓഫീർ തങ്കം അണിഞ്ഞു നില്ക്കുന്നു.

2 Pet. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2. മറ്റേ വസ്ത്രം നമ്മുടെ വിജയത്തിനുവേണ്ടിയുള്ള വ്യക്തിനിഷ്ഠമായ നീതിയുമായി യോജിക്കുന്നു—“അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടുവരും”—സങ്കീ. 45:14; പ്ര.നി. വെളി. 19:8; മത്താ. 22:11-12:

Rev. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

Matt. 22:11 എന്നാൽ രാജാവ് മേശയിങ്കൽ ഇരിക്കുന്നവരെ നോക്കുവാനായി അകത്തു വന്നപ്പോൾ, അവിടെ വിവാഹവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ കണ്ടു.

Matt. 22:12 അവൻ അവനോട്, സ്നേഹിതാ, വിവാഹവസ്ത്രം ഇല്ലാതെ നീ ഇവിടെ അകത്തു എങ്ങനെ വന്നു? എന്നു ചോദിച്ചു. അവനോ മിണ്ടാട്ടം ഇല്ലാതായി.

a. ജയിക്കുന്നവരായ വിശ്വാസികൾ ക്രിസ്തുവിന്റെ സംഘാത രാജ്ഞിയാണ്, അവർ ക്രിസ്തുവിൽ കാണപ്പെടുന്നതിനും അവൻ അവരുടെ വ്യക്തിനിഷ്ഠമായ നീതിയായിത്തീരുന്നതിനും വേണ്ടി

ക്രിസ്തുവിനെ അവരുടെ രാജകീയ വാസസ്ഥലമായി എടുക്കുന്നു—സങ്കീ. 45:13; യോഹ. 15:4.

Psa. 45:13a അഃന്തപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു....

John. 15:4a എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും....

b. മറ്റൊരു വസ്ത്രമായ, അവളുടെ ആവരണത്തിന്റെ രണ്ടാമത്തെ പാളിയായ, ഈ ചിത്രത്തയ്യലുള്ള വസ്ത്രം സൂചിപ്പിക്കുന്നത്, തങ്ങളുടെ വിവാഹത്തിന് ക്രിസ്തുവിന്റെ ആവശ്യകത നിറവേറ്റുവാൻ വിശുദ്ധന്മാരുടെ നീതികളുടെ വസ്ത്രം ധരിച്ചവളായി സഭ തങ്ങളുടെ വിവാഹ സമയത്ത് ക്രിസ്തുവിലേക്ക് നയിക്കപ്പെടുമെന്നാകുന്നു—വെളി. 19:8.

Rev. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

c. ചിത്രത്തയ്യലുള്ള വസ്ത്രം, നാം ജീവിച്ചു വെളിപ്പെടുത്തുന്ന നീതിയായിരിക്കുവാൻ നമ്മുടെ സ്വഭാവത്തിലേക്ക് നെയ്തുചേർത്തിരിക്കുന്ന, നമ്മുടെ ആളത്തത്തിലേക്ക് ചിത്രത്തയ്യൽ ചെയ്യപ്പെട്ട, വ്യക്തിനിഷ്ഠനായ ക്രിസ്തുവാണ്.

d. ഈ ചിത്രത്തയ്യൽ ക്രിസ്തുവിനെ നമ്മുടെ വിവാഹവസ്ത്രമായിരിക്കുവാൻ, ക്രിസ്തുവിനെ നമ്മിലേക്ക് തുന്നിച്ചേർക്കുവാൻ, ദിനംപ്രതി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ രൂപാന്തരപ്പെടുത്തുന്ന വേലയെ സൂചിപ്പിക്കുന്നു.

e. ദൈവം അംഗീകരിച്ച തന്റെ സ്വഭാവമായി ക്രിസ്തുവിനെ ധരിക്കുന്നതിന്, അധഃപതിച്ചുപോയ പ്രത്യുദ്ധാര സഭ, അവളുടെ വ്യക്തിനിഷ്ഠമായ നീതിയായി ക്രിസ്തുവിനെ ജീവിക്കുവാൻ വില കൊടുക്കേണ്ടതാവശ്യമാണ്—3:18.

Rev. 3:18 നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു.

## III. “കർത്താവ് എന്നെ... അവന്റെ സ്വർഗീയ രാജ്യത്തിലേക്ക് രക്ഷിക്കും”—2 തിമൊ. 4:18:

A. നീതിയുടെ കിരീടത്തിന് തുല്യമായ സ്വർഗീയ രാജ്യം "തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ" (മത്താ. 13:43), "എന്റെ പിതാവിന്റെ രാജ്യത്തിൽ" (26:29), "ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ" ” (എഫെ. 5:5), “ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിൽ” ആണ് (2 പത്രൊ. 1:11), അത് ജയിക്കുന്ന വിശുദ്ധന്മാർക്ക് ഒരു പ്രതിഫലമായിരിക്കും (വെളി. 20:4).

Rev. 20:4 പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി.

യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെയും, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കാതെയും നെറ്റിമേലും കൈമേലും അടയാളം സ്വീകരിക്കാതെയും ഇരുന്നവരുടെയും ദേഹികളെ ഞാൻ കണ്ടു; അവർ ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് ജീവിക്കുകയും വാഴുകയും ചെയ്തു..

B. ജയിക്കുന്ന വിശ്വാസികൾ സ്വർഗ്ഗരാജ്യത്തിന്റെ പ്രത്യക്ഷതയായ സ്വർഗ്ഗരാജ്യത്തിൽ പങ്കുചേരും—മത്താ. 7:21:

Matt. 7:21 എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും.

1. "നീതിമാന്മാർ" എന്ന നിലയിൽ, ജയിക്കുന്നവരായ രാജ്യത്തിന്റെ പുത്രന്മാർ അവരുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും—13:43.

Matt. 13:43 അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

2. സ്വർഗീയ രാജ്യത്തിൽ ജയാളികൾ തങ്ങളുടെ കർത്താവുമായുള്ള പുതിയ ഉടമ്പടിയുടെ പാനപാത്രം പുതുതായി കുടിക്കും—26:29.

Matt. 26:29 എന്നാൽ ഇപ്പോൾ മുതൽ, എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ അതിനെ പുതുതായി കുടിക്കുന്ന ആ നാൾ വരെയും, മുന്തിരിവള്ളിയുടെ ഈ ഫലത്തിൽനിന്ന് ഞാൻ ഒരുവിധത്തിലും കുടിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

3. തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ ജയിക്കുന്ന വിശ്വാസികൾ പഴയനിയമ ജയാളികളോടുകൂടെ വിരുന്നു കഴിക്കും—8:11.

Matt. 8:11 എന്നാൽ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്നു സ്വർഗരാജ്യത്തിൽ അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ മേശയിങ്കൽ ഇരിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു,

4. ജയിക്കുന്നവർക്ക് സ്വർഗരാജ്യം സന്തോഷകരമായ ഒരു അവകാശമായിരിക്കും—1 കൊരി. 6:9-10.

1 Cor. 6:9 അനീതിയുള്ളവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു നിങ്ങൾ അറിയുന്നില്ലയോ? തെറ്റിപ്പോകരുത്; പരസംഗക്കാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, ആണത്ത വിഹീനർ, സ്വവർഗഭോഗികൾ,

1 Cor. 6:10 കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപാനികൾ, അസഭ്യം പറയുന്നവർ, ദുർമോഹികൾ, ഇവരാരും തന്നെ ദൈവരാജ്യം അവകാശമാക്കുകയില്ല.

5. സ്വർഗീയ രാജ്യത്തിൽ ജയാളികൾ നിത്യജീവൻ അവകാശമാക്കുകയും അതുവഴി ദിവ്യ ജീവന്റെ ഒരു പൂർണാസ്വാദനം ഉണ്ടായിരിക്കുകയും ചെയ്യും— ലൂക്കൊ. 18:29-30.

Luke. 18:29 അവൻ അവരോട്, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യം നിമിത്തം ഭവനത്തെയോ ഭാര്യയെയോ

സഹോദരങ്ങളെയോ മാതാപിതാക്കളെയോ കുഞ്ഞുങ്ങളെയോ ഉപേക്ഷിച്ച ആർക്കും,

Luke. 18:30 എല്ലാവിധത്തിലും, അത്രയും തന്നെ അനേകം മടങ്ങായി ഈ കാലത്തും, വരുവാനുള്ള യുഗത്തിൽ നിത്യജീവനും തിരികെ ലഭിക്കാതിരിക്കുകയില്ല എന്ന് പറഞ്ഞു.

6. സ്വർഗീയ രാജ്യത്തിൽ ജയാളികൾ കർത്താവിന്റെ സന്തോഷത്തിൽ പ്രവേശിക്കുകയും, അങ്ങനെ അവരുടെ ദേഹിയെ നേടുകയും, അവരുടെ ദേഹിയെ രക്ഷിക്കുകയും അവരുടെ ദേഹിയുടെ രക്ഷ ആസ്വദിക്കുകയും ചെയ്യും—മത്താ. 10:39; 16:25-26; 25:21, 23; ലൂക്കൊ. 9:24; എബ്രാ. 10:39; 1 പത്രൊ. 1:5, 9.

Matt. 10:39 തന്റെ ദേഹിജീവനെ കണ്ടെത്തുന്നവൻ അതിനെ നഷ്ടമാക്കും, എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

Matt. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

Matt. 16:26 ഒരു മനുഷ്യൻ സർവലോകവും നേടീട്ട്, തന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം ചെയ്യും? അല്ലെങ്കിൽ ഒരു മനുഷ്യൻ തന്റെ ദേഹിജീവന് എന്തു പകരം നൽകും?

Matt. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

Matt. 25:23 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

Luke. 9:24 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ രക്ഷിക്കും.

Heb. 10:39 നാമോ നാശത്തിലേക്കു പിൻവാങ്ങുന്നവരുടെ കൂട്ടത്തിലല്ല, ദേഹിയെ നേടുന്നതിന് വിശ്വാസമുള്ളവരുടെ കൂട്ടത്തിലത്രേ ആകുന്നത്.

1 Pet. 1:5 അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന, രക്ഷയിങ്കലേക്ക് വിശ്വാസത്തിലൂടെ ദൈവശക്തിയാൽ നിങ്ങൾ കാക്കപ്പെടുന്നു;

1 Pet. 1:9 നിങ്ങളുടെ വിശ്വാസത്തിന്റെ അവസാനമായ, നിങ്ങളുടെ

ദേഹികളുടെ രക്ഷ പ്രാപിച്ചുകൊണ്ട് തന്നെ.

7. സ്വർഗീയ രാജ്യത്തിൽ ജയിക്കുന്ന വിശ്വാസികൾ ക്രിസ്തുവിനോടുകൂടെ വാഴുകയും രാഷ്ട്രങ്ങളുടെമേൽ ഭരണം നടത്തുകയും ചെയ്യും—വെളി. 20:4; 2:26-27.

Rev. 20:4 പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി. യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെയും, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കാതെയും നെറ്റിമേലും കൈമേലും അടയാളം സ്വീകരിക്കാതെയും ഇരുന്നവരുടെയും ദേഹികളെ ഞാൻ കണ്ടു; അവർ ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് ജീവിക്കുകയും വാഴുകയും ചെയ്തു.

Rev. 2:26 ജയിക്കുകയും എന്റെ പ്രവൃത്തികൾ അവസാനത്തോളം കാക്കുകയും ചെയ്യുന്നവന്, ഞാനും എന്റെ പിതാവിൽനിന്നു പ്രാപിച്ചതു പോലെ, ജാതികളുടെമേൽ ഞാൻ അവന് അധികാരം കൊടുക്കും;

Rev. 2:27 മൺപാത്രങ്ങൾ കഷ്ണങ്ങളായി ഉടയ്ക്കുന്നതുപോലെ, അവൻ ഇരുമ്പു കോൽകൊണ്ട് അവരെ മേയിക്കും;